# ജൂതമന്ത്രം ഉരുവിടുന്ന ജമാഅത്ത് ജിഹ്വ

സാലിഷ് വാടാനപ്പള്ളി

**“വേ**ദക്കാരേ, നിങ്ങൾ എന്തിനാണ് സത്യത്തെ അസത്യവുമായി കൂട്ടികലർത്തുകയും അറിഞ്ഞു കൊണ്ട് സ്ത്യം മറച്ചുവെക്കുകയും ചെയ്യുന്നത്?’’*(വി.കുർആൻ 3:71)*

ഇസ്‌ലാമിനോട് ശത്രുതവെച്ച് പുലർത്തിയ ജൂത–ക്രിസ്ത്യാനികളോട് പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് വിശുദ്ധക്വുർആൻ ചോദിച്ച ഈ ചോദ്യം വർത്തമാനകാലഘട്ടത്തിൽ ഇസ്‌ലാഹീ പ്രസ്ഥാനത്തിന് ചോദിക്കേണ്ടിവരുന്നത് ഇസ്‌ലാമിസ്റ്റുകൾ എന്ന് സ്വയം വിശേഷിപ്പിക്കുന്ന മൗദൂദിസ്റ്റ് സഹോദരങ്ങളോടാണ്!! ‘മുപ്പതുകളിൽ ഇന്ത്യയുടെ രാഷ്ട്രീയ ഭാവിയെ സംബന്ധിച്ചുനടന്ന വ്യാപകമായ ചർച്ചയിൽ നിന്നും രൂപം കൊണ്ട മൗദൂദിസം ഇസ്‌ലാമിന്റെ രാഷ്ട്രീയ വശമായി പ്രചരിപ്പിച്ച സിദ്ധാന്തങ്ങൾ തികച്ചും അബദ്ധജടിലവും അനിസിലാമികവും അത്മഹത്യാപരവുമാണെന്ന യഥാർത്ഥ്യം തിരിച്ചറിഞ്ഞ നാൾതൊട്ടേ ഇസ്‌ലാഹീപ്രസ്ഥാനം ആ രാഷ്ട്രീയ ചിന്താധാരക്കെതിരെ ശക്തമായ ബോധവത്കരണം നടത്തിവന്നിട്ടുണ്ട്. മൗദൂദിയൻ സിദ്ധാന്തങ്ങളിൽ നിന്നും ആ സിദ്ധാന്തങ്ങളുടെ അനിവാര്യഫലമായി ഉടലെടുക്കുന്ന തീവ്രവാദ ചിന്തകളിൽ നിന്നും മുസ്‌ലിം കേരളത്തെ വലിയൊരളവോളം രക്ഷിച്ചെടുത്തതിൽ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ പങ്ക് അനിഷേധ്യമാണ്. ഈ രാഷ്ട്രീയ ചിന്താധാരക്കെത്തിരെ ബൗദ്ധികമായും പ്രമാണികമായും ഇസ്‌ലാഹീപ്രസ്ഥാനം നടത്തുന്ന വ്യവസ്ഥാപിതവും അസൂത്രിതവുമായ പ്രവർത്തനങ്ങൾക്കു മുമ്പിൽ പിടിച്ചു നൽക്കാൻ കഴിയാതെ വരുമ്പോൾ പലപ്പോഴും മൗദൂദിസ്റ്റുകൾ സത്യാസത്യത്തെ കൂട്ടികലർത്തി സത്യം മറച്ചുവെക്കുന്ന ആ പഴയ ജൂത തന്ത്രമാണ് കൈകൊള്ളാറ്. സയണിസത്തിനെതിരെയുള്ള വിമർശനങ്ങളെയെല്ലാം തന്നെ സെമിറ്റിക്ക് വിരോധമാക്കി അവതിരിപ്പിക്കുന്നതിലൂടെയും മറ്റും ഈ കാലഘട്ടത്തിൽപ്പോലും ജൂതന്മാർ തങ്ങളുടെ ആ പഴയ കുതന്ത്രം തുടർന്ന് പോരുന്നുണ്ടെന്നത് ഏവർക്കും അറിയാവുന്ന വസ്തുതയാണ്. പക്ഷെ ഒരു ഇസ്‌ലാമികപ്രസ്ഥാനമെന്ന് സ്വയം വിശേഷിപ്പിക്കുന്ന ജമാഅത്തെ ഇസ്‌ലാമി, ഇസ്‌ലാഹീ പ്രസ്ഥാനത്തെ വിമർശിക്കുവാനായി അ ജൂതതന്ത്രം സ്വീകരിക്കുന്നതു കാണുമ്പോൾ ആശ്ചര്യം തോന്നുന്നു. ഈ അടുത്ത കാലത്ത് ഇറങ്ങിയ പ്രബോധനം വാരികയിൽപോലും നമുക്കാ ജൂതതന്ത്രം വായിച്ചെടുക്കാൻ കഴിയും. ‘സാൽവേഷൻ’ ഇന്റർനാഷണൽ ഇസ്‌ലാമിക് എക്സ്ബിഷനോടനുബന്ധിച്ച് ഐ.എസ്സ്.എം കേരള പുറത്തിറക്കിയ ‘ഇസ്‌ലാമിക രാഷ്ട്രം’ എന്ന പുസ്തകത്തെ പരാമർശിച്ചുകൊണ്ട് ജമാഅത്ത് ജിഹ്വ എഴുതിവിട്ടത് നാം കാണുക. ‘‘ഏതെങ്കിലും മൗദൂദി ഗ്രന്ഥത്തിൽ നിന്നോ ജമാഅത്തെ ഇസ്‌ലാമി നേതാവിന്റെ ലേഖനത്തിൽ നിന്നോ എടുത്തതല്ല മേലുദ്ധരിച്ച വരികൾ സാക്ഷാൽ കേരള നദ്‌വത്തുൽ മുജാഹിദീന്റെ യുവഘടകമായ ഇത്തിഹാദുശ്ശുബ്ബാനിൽ മുജാഹിദിന്റെ (ഐ.എസ്.എം.) സംസ്ഥാന കമ്മിറ്റി ‘സാൽവേഷൻ’ എന്ന പേരിൽ കോഴിക്കോട്ട് സംഘടിപ്പിച്ച പ്രദർശനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച ‘ഇസ്‌ലാമികരാഷ്ട്രം’ എന്ന ലഘു കൃതിയിലാണ് ഇസ്‌ലാമിക രാഷ്ട്രീയ ഘടനയെക്കുറിച്ച ശ്രദ്ധേയമായ ഈ പരാമർശങ്ങൾ.

ജനാധിപത്യത്തെക്കുറിച്ച സലഫീയുവജന പ്രസ്ഥാനത്തിന്റെ തിരിച്ചറിവുകൾ പ്രത്യേകം അടിവരയിട്ട് മനസ്സിലാക്കേണ്ടത് തന്നെയാണ്. കേരളത്തിലെ ഇസ്‌ലാമിക പ്രബോധന ചരിത്രത്തിലെ

ശ്രദ്ധേയമായ ഒരു ചുവടായി രേഖപ്പെടുത്താവുന്നതായിരുന്നു ഐ.എസ്.എമ്മിന്റെ നേതൃത്വത്തിൽ കോഴിക്കോട്ട് നടന്ന സാൽവേഷൻ പ്രദർശനം. ഗാംഭീര്യവും ആസൂത്രണ വൈഭവവും കൊണ്ട് ശ്രദ്ധിക്കപ്പെട്ട ആ പരിപാടിയുടെ തൊപ്പിയിൽ തുന്നിച്ചേർക്കാവുന്ന ഒരു തൂവലായി ഈ പുസ്കതവും രേഖപ്പെടുത്തപ്പെടും. സംഘടനാപരമായ താൽക്കാലിക ആവശ്യങ്ങൾക്കു വേണ്ടി ഒരുകാലത്ത് അബദ്ധത്തിൽ പറഞ്ഞുപോയ കാര്യങ്ങളെ നിത്യഹരിത സിദ്ധാന്തമായി അവതരിപ്പിക്കേണ്ടി വന്നു എന്നതായിരുന്നല്ലോ കേരളത്തിലെ സലഫി പ്രസ്ഥാനത്തിന് പറ്റിയ ഏറ്റവും വലിയ തെറ്റ്. ഇസ്‌ലാമിക രാഷ്ട്രീയത്തെയും രാഷ്ട്രത്തെയും കുറിച്ച് പറയുന്നത് തന്നെ മഹാപാപമായി അവർ എണ്ണിയത് സ്വയം ഒരുക്കിയ ഈ കെണിയിൽ പെട്ടത് കൊണ്ടായിരിക്കണം. അതിൽ നിന്നുള്ള മോക്ഷം (സാൽവേഷൻ) നൽകാൻ കോഴിക്കോട്ടെ പ്രദർശനം കൊണ്ട് സാധിക്കുമെങ്കിൽ പരിപാടി വിജയകരമായിരുന്നു എന്നു പറയാൻ അതിൽപ്പരം മറ്റെന്തുവേണം.?'' *(പ്രബോധനം വാരിക, 2007 ജനുവരി13)*

ജമാഅത്ത് ജിഹ്വക്കിത്ര ഘോഷിക്കാൻമാത്രം എന്താണാവോ ആ പുസ്തകത്തിലുള്ളത്?! വർഷങ്ങൾക്കുമുമ്പ് നിച്ച് ഓഫ് ട്രൂത്ത് പ്രസിദ്ധീകരിച്ചതും സാൽവേഷനോടനുബന്ധിച്ച് ഐ.എസ്.എം. പുനപ്രസിദ്ധീകരിച്ചതുമാണ് 'ഇസ്‌ലാമികരാഷ്ട്രം' എന്ന പുസ്കതം എന്ന് ഓർക്കുക. കാലങ്ങൾക്ക് മുമ്പെ സലഫികൾ തുറന്ന് പറയാത്ത യാതൊന്നും തന്നെ പ്രസ്തുത പുസ്കതത്തിൽ നിന്നാർക്കും വായിച്ചെടുക്കാൻ സാധ്യമല്ല. രാഷ്ട്രത്തിന്റെ നിർമ്മിതിക്കാവശ്യമായ അടിസ്ഥാന നിയമങ്ങൾ ഇസ്‌ലാം മുന്നോട്ടുവെക്കുന്നുണ്ടെന്ന പ്രമാണബന്ധമായ കാഴ്ചപ്പാട് വെച്ചുപുലർത്താത്ത ഇന്നലെകൾ ഇസ്‌ലാഹീ പ്രസ്ഥാനത്തിന് കഴിഞ്ഞുപോയിട്ടില്ല. ഇസ്‌ലാമിക രാഷ്ട്രത്തിനു വേണ്ടുന്ന നിയമങ്ങൾ മാത്രമല്ല ഇസ്‌ലാമികേതര രാഷ്ട്രങ്ങളിൽ ജീവിക്കുന്ന മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അവർക്കുപാലിക്കുവാൻ സാധിക്കുന്ന രാഷ്ട്രീയ നിയമങ്ങൾ പോലും ഇസ്‌ലാം പഠിപ്പിക്കുന്നുണ്ടെന്നതിന് തെളിവായി മഹാനായ യൂസുഫ് നബി(ﷺ) യുടെ ചരിത്രം ഇസ്‌ലാഹി പ്രസ്ഥാനം വിശദീകരിച്ചപ്പോൾ മതരാഷ്ട്രവാദത്തിന്റെ 'തിമിരം' ബാധിച്ചവർ എഴുതിവിട്ട വരികൾ നാം കാണുക: ''അതിനാൽ അനിസ്‌ലാമിക വ്യവസ്ഥ സ്ഥാപിക്കാനും കൊണ്ടുനടക്കാനും അനിസ്‌ലാമിക ഭരണകൂടത്തിൽ പങ്കുവഹിക്കാനും യൂസുഫ് നബി(അ)യെ മാതൃകയായി അവതരിപ്പിക്കുന്നതും അദ്ദേഹത്തിന്റെ പേര് അതിനായി വലിച്ചിഴക്കുന്നതും ആ പ്രവാചക ശ്രേഷ്ഠനോട് ചെയ്യുന്ന കടുത്ത അനീതിയും കൊടും ക്രൂരതയുമത്രെ? *(മുഖാമുഖം-ശൈഖ് മുഹമ്മദ് കാരക്കുന്ന്. ഐ.പി. എച്ച്)*

രാഷ്ട്രമില്ലെങ്കിൽ ഇസ്‌ലാമിന് തന്നെ നിലനിൽപില്ലെന്ന മൗദൂദിസത്തിന്റെ മതരാഷ്ട്രവാദത്തിനും രാഷ്ട്രീയത്തിൽ ഇസ്‌ലാമിക നിയമങ്ങൾക്കൊന്നും പ്രസക്തിയില്ലെന്ന മോഡേണിസ്റ്റ് വാദത്തിനും മധ്യേ നിലകൊള്ളുന്ന ഇസ്‌ലാമിന്റെ രാഷ്ട്രീയ വീക്ഷണമാണ് യഥാർത്ഥത്തിൽ ഐ.എസ്.എമ്മിന്റെ 'ഇസ്‌ലാമിക രാഷ്ട്രം' ചർച്ച ചെയ്യുന്ന പ്രമേയം. 'സാൽവേഷൻ' തൊപ്പിയിൽ തുന്നിച്ചേർക്കാവുന്ന തൂവലായി 'ഇസ്‌ലാമിക രാഷ്ട്രത്തെ' ചിത്രീകരിച്ച് അതിനെ സ്വാഗതം ചെയ്യുന്നവർ യഥാർത്ഥത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. മൗദൂദിയെ ഒളിപ്പിച്ചുവെക്കാനുള്ള വിഫല ശ്രമങ്ങളാണ്. അബുൽ അഅ്‌ലയെ തള്ളിപ്പറയാതെ തന്നെ 'ജൂതതന്ത്രം' കൊണ്ട് 'കൈ നനയാതെ മീൻ പിടിക്കാനുള്ള' ഇത്തരം പാഴ്‌വേലകൾ ബുദ്ധിയുള്ളവർ തിരിച്ചറിഞ്ഞിട്ട് കാലമേറെയായി. ഇസ്‌ലാമിന്റെ തനതായ രാഷ്ട്രീയ വീക്ഷണം അവതരിപ്പിച്ചതുകൊണ്ടല്ല, മറിച്ച് മൗദൂദിയുടെ മതരാഷ്ട്രവാദം ഇസ്‌ലാമിന്റെ രാഷ്ട്രീയ വീക്ഷണമായി അവതരിപ്പിച്ചതാണ് ജമാഅത്ത് വിമർശിക്കപ്പെട്ടതിന്റെ മുഖ്യകാരണം. 'ഡമോക്രസി'ക്കും 'ദിയോക്രസി' ക്കും മധ്യേനിലകൊള്ളുന്ന ഇസ്‌ലാമിന്റെ രാഷ്ട്രീയ വീക്ഷണമല്ല, 'ഥിയോ-ഡമോക്രസി' എന്ന പേരിൽ മൗദൂദിസാഹിബ് അവതരിപ്പിച്ചിട്ടുള്ളത്. സരളമായ ഈ യാഥാർത്ഥ്യം സലഫികൾ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാട്ടിയപ്പോഴൊക്കെ മൗദൂദിയുടെ വലിപ്പം പറഞ്ഞ് മതരാഷ്ട്രവാദത്തെ ന്യായീകരിക്കുവാനാണ് വാസ്തവത്തിൽ ജമാഅത്തെ ഇസ്‌ലാമി ഏറെ പരിശ്രമിച്ചിട്ടുള്ളത്. പ്രബോധനം വാരിക എഴുതിയത് നാം കാണുക. ''കേരളത്തിൽ ഒരിക്കലും

കാലുകുത്തിയിട്ടില്ലാത്ത, കേരളത്തിലെ ഏതെങ്കിലും സംഘടനയെയോ നേതാവിനേയോ കുറിച്ച് ഒരക്ഷരം ഉരിയാടിയിട്ടില്ലാത്ത ഒരാൾ മൺമറഞ്ഞ് കാൽനൂറ്റാണ്ട് കഴിഞ്ഞിട്ടും ഇത്ര ക്രൂരമായി വേട്ടയാടപ്പെടുന്നത് എന്തുകൊണ്ടാണ്? അദ്ദേഹത്തിന്റെ ആദർശചിന്ത കേരളത്തിൽ നേടിയ സ്വാധീനം അത്ര ശക്തമാണ് എന്ന ഒരുത്തരമേയുള്ളൂ. മൗദൂദിയേ മരിച്ചിട്ടുള്ളൂ; അദ്ദേഹത്തിന്റെ ആദർശം അമരമാണ്, അതിന് നിത്യസത്യത്തിന്റെ ചൈതന്യമുണ്ട്, ആത്മാർത്ഥതയുടെ തീക്ഷണതയുണ്ട്. ഭൗതിക മിഥ്യകളോടും സ്ഥാപിത താൽപര്യങ്ങളോടും അതെന്നും ഏറ്റുമുട്ടിക്കൊണ്ടിരിക്കും'' *(പ്രബോധനം വാരിക 2005 സെപ്തംബർ 24)*

വാസ്തവത്തിൽ ഐ.എസ്.എമ്മിന്റെ 'ഇസ്‌ലാമിക രാഷ്ട്രത്തെ' സ്വാഗതം ചെയ്തതിലൂടെ ജമാഅത്ത് ജിഹ്വ ഇപ്പോൾ *(പ്രബോധനം വാരിക 2007 ജനുവരി 13)* നിർവ്വഹിച്ചിട്ടുള്ളത് മൗദൂദിയൻ സിദ്ധാന്തങ്ങളെ കൊലക്കുകൊടുക്കുക എന്ന പ്രവർത്തനമാണെന്ന് വരും കാലങ്ങൾ തെളിയിക്കുന്നത് നമുക്ക് കാത്തിരുന്ന് കാണാം. ഏതായാലും 'പ്രബോധനക്കാരന്റെ' ഭാഷയിൽ പറഞ്ഞാൽ ആത്മാർത്ഥതയുടെ തീക്ഷണതയുള്ള അമരമായ നിത്യസത്യം എന്താണെന്ന് നമുക്കൊരു ഹ്രസ്വാന്വേഷണം നടത്തിക്കളയാം.

'ഭൂമിയിൽ ദൈവിക ഭരണം സ്ഥാപിക്കാൻ (ഇപ്പോൾ ഭൂമി ദൈവത്തിന് അന്യം?!–ലേ) ദൈവം തന്നെ നിയോഗിച്ച, അവന്റെ പ്രതിനിധിയാണ് മനുഷ്യൻ' എന്നിടത്തുനിന്നാണ് മൗദൂദിസത്തിന്റെ രാഷ്ട്രീയ വീക്ഷണം കെട്ടിപ്പൊക്കപ്പെട്ടിട്ടുള്ളത്. ഈ വീക്ഷണം യഥാർത്ഥത്തിൽ ഇസ്‌ലാമുമായി തീർത്തും വിയോജിപ്പിലാണ്. ഇസ്‌ലാം പഠിപ്പിക്കുന്ന ദൈവം, തന്റെ ഏതെങ്കിലും ഒരു അധികാരമോ പ്രവൃത്തിയോ ബാധ്യതയോ മറ്റൊരാൾക്ക് വിട്ടുകൊടുക്കുകയോ ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്യുന്ന പ്രശ്നമില്ല. അത് ദൈവത്തിന്റെ മഹത്വത്തിനും പരിശുദ്ധിക്കും തീർത്തും യോജിക്കാത്ത പ്രവർത്തനമാണ്. അതുകൊണ്ടുതന്നെ ദൈവത്തെ സഹായിച്ച് മനുഷ്യർ ബുദ്ധിമുട്ടേണ്ടതില്ലെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. പക്ഷെ മൗദൂദിസ്റ്റുകൾക്ക് ഇതൊന്നും പ്രശ്നമല്ല. കാരണം അവരുടെ രാഷ്ട്രീയ വീക്ഷണത്തിന്റെ അടിത്തറ തന്നെ നിലകൊള്ളുന്നത് 'ഖലീഫത്തുല്ലാഹി ഫിൽ അർദ്' (ഭൂമിയിലെ ദൈവിക പ്രാതിനിധ്യം) എന്ന സങ്കൽപത്തിന്മേലാണ്. ഇവിടെ നിന്നാരംഭിക്കുന്നു ഇസ്‌ലാമും മൗദൂദിയൻ ചിന്തകളും തമ്മിലുള്ള പ്രത്യക്ഷ സംഘട്ടനം. പിന്നീടാ സഘട്ടനം അതിന്റെ ഉച്ചിയിലെത്തുന്ന പ്രധാനപ്പെട്ടൊരു മേഖലയാണ് 'ലാഇലാഹ ഇല്ലല്ലാഹ്'. മൗദൂദിയൻ വീക്ഷണപ്രകാരം 'ലാഇലാഹ ഇല്ലല്ലാഹ്' തന്നെ പൂർത്തിയാകണമെങ്കിൽ ഇസ്‌ലാമിക വ്യവസ്ഥിതിയും രാഷ്ട്രവും സ്ഥാപിതമാകണം. ഇത് ഇസ്‌ലാമിലെ തൗഹീദിനൊരു പൊളിച്ചെഴുത്താണ്; പരിശുദ്ധ ക്വുർആൻ കൊണ്ടോ തിരുചര്യകൊണ്ടോ തെളിയിക്കാൻ സാധിക്കാത്ത വെറും ജൽപനം. ഭരണം നേടാൻ സാധിക്കാത്ത പ്രവാചകന്മാരുടെ തൗഹീദിനെ സംബന്ധിച്ചുപോലും കുറ്റകരമായ കാഴ്ചപ്പാട് മാത്രമാണാസിദ്ധാന്തങ്ങൾ സമ്മാനിക്കുന്നത്. എന്തിനധികം പറയണം. ഈ വീക്ഷണപ്രകാരം ജമാഅത്തുകാരുടെ തൗഹീദ്പോലും സമ്പൂർണമാണോ?! ആശ്ചര്യംതന്നെ ഇവരുടെ ആത്മവിശ്വാസം.

ഇസ്‌ലാമിക വൃത്തത്തിൽ നിന്നും പുറത്തുപോയ മൗദൂദിസത്തിന്റെ മറ്റൊരു രാഷ്ട്രീയവീക്ഷണം നിലകൊള്ളുന്നത് പ്രവാചകന്മാരുടെ ദൗത്യവുമായി ബന്ധപ്പെട്ടതാണ്. 'ഭൂമിയിലേക്ക് നിയോഗിക്കപ്പെട്ട മുഴുവൻ പ്രവാചകന്മാരുടേയും പരമവും അത്യന്തികവുമായ ലക്ഷ്യം ഒരു ദൈവിക ഭരണം സ്ഥാപിക്കുകയായിരുന്നു. പക്ഷെ, പല പ്രവാചകന്മാർക്കും അവരുടെ ദൗത്യം അന്തിമ ലക്ഷ്യത്തോളമെത്തിക്കാൻ സാധിച്ചില്ലെന്ന അപകടം പിടിച്ച കാഴ്ച്ചപ്പാടാണ് മൗദൂദിസം മുന്നോട്ടുവെക്കുന്നത്. ഇത് വിശുദ്ധ ക്വുർആനിന് കടകവിരുദ്ധമായ ആശയമാണ്. കാരണം നിരവധി ആയത്തുകളിലൂടെ ക്വുർആൻ വ്യക്തമാക്കിയിട്ടുള്ള 'ബലാഗുൽ മുബീൻ' (വ്യക്തമായ പ്രബോധനം) മാത്രമാണ് പ്രവാചകന്മാരുടെ മേൽ ബാധ്യതയെന്ന ഇസ്‌ലാമിക വീക്ഷണങ്ങൾക്കെതിരെയുള്ള സൈദ്ധാന്തിക ധാർഷ്ഠ്യത മാത്രമാണ് മൗദൂദിസത്തിന്റെ നിലപാട്.

ഇസ്ലാമിക ചിന്തകളുമായി മൗദൂദിസം പ്രത്യക്ഷ സംഘട്ടനം തുടരുന്ന മറ്റൊരുമേഖലയാണ് ഭരണമില്ലെങ്കിൽ മതമില്ല എന്ന വാദം. ഇസ്ലമിനെ ഭൗതിക രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ നിരയിലേക്ക് ചവിട്ടിത്താഴ്ത്തുകയും ഇസ്ലാമിന്റെ സർവ്വകാലികതയെത്തന്നെ ചോദ്യം ചെയ്യുകയും ചെയ്യുന്ന ഈ വീക്ഷണം തികച്ചും ഇസ്ലാമിക വിരുദ്ധമാണ്. ഐ.എസ്.എമ്മിന്റെ 'ഇസ്ലാമിക രാഷ്ട്ര' ത്തിൽ ശക്തമായി വിമർശിക്കപ്പെട്ട ഈ വീക്ഷണമാണ് 'ഖുത്തുബാത്തി' ലെ അവസാനത്തെ അധ്യായമായ 'ജിഹാദിന്റെ' പ്രാധാന്യത്തിൽ ആർക്കും നിഷേധിക്കാനാകാത്ത വിധം പരന്നു കിടക്കുന്നത്.

ഇസ്ലാമിനെതിരെ നിലകൊള്ളുന്ന മൗദൂദിസത്തിന്റെ മറ്റൊരു രാഷ്ട്രീയ വീക്ഷണമാണ്; ഇസ്ലാമിലെ ഇബാദത്തുകൾ (നമസ്കാരം, സക്കാത്ത്, നോമ്പ്, ഹജ്ജ് തുടങ്ങിയവ) ഭരണം പിടിച്ചെടുക്കാനുള്ള 'ട്രൈനിംഗ് കോഴ്സു'കളാണെന്ന വീക്ഷണം. കേവലം ഉപമയായിട്ടല്ല മൗദൂദി ഇത് പറഞ്ഞത്. മറിച്ച് 'ഖുത്തുബാത്തി'ലെ 'ജിഹാദ്' എന്ന അധ്യായം മുഴുവൻ അദ്ദേഹം ഉപയോഗപ്പെടുത്തിയിട്ടുള്ളത് ഈ ആരധനാകർമ്മങ്ങളുടെ സാക്ഷാൽ ലക്ഷ്യം ദൈവിക ഭരണം സ്ഥാപിക്കാനുള്ള പരിശീലനമാണെന്ന് അർത്ഥശങ്കക്കിടയില്ലാത്തവിധം സമർത്ഥിക്കുവാനാണ്. ഏതായാലും മൗദൂദിസത്തിലെ ഈ രാഷ്ട്രീയ വീക്ഷണങ്ങളെല്ലാം തന്നെ ഇസ്ലാമുമായി ഒരൊറ്റ പോയിന്റിൽ പോലും യോജിക്കുന്നില്ല തന്നെ. മൗദൂദിസത്തിന്റെ ഇസ്ലാമിക വിരുദ്ധമായ രാഷ്ട്രീയ വീക്ഷണങ്ങളിൽ നിന്നും ഏതാനും ചിലതുകൂടി കാണുക എന്നിട്ടു അനുവാചകർ വിലയിരുത്തട്ടെ, ഐ.എസ്.എമ്മിന്റെ 'ഇസ്ലാമിക രാഷ്ട്രം' ജമാഅത്തെ ഇസ്ലാമിക്കനുകൂലമോ പ്രതികൂലമോ എന്ന കാര്യം 'അനിസ്ലാമിക വ്യവസ്ഥ വാഴുന്നിടത്ത് ഇസ്ലാം തീർത്തും ജലരേഖയാണ്' (ജമാഅത്തെ ഇസ്ലാമിയുടെ സന്ദേശം) ''അവിടങ്ങളിൽ (അനിസ്ലാമിക രാഷ്ട്രങ്ങളിൽ–ലേ) ഇസ്ലാമിനെ അനുസരിക്കൽ ഫലത്തിൽ തീരെ അസംഭവ്യമാണ്'' (ഇസ്ലാമിക പ്രസ്ഥാനം) ''അത്തരം നാടുകളിൽ സമ്പൂർണ മുസ്ലിമായി ജീവിക്കുവാനോ, അല്ലാഹുവിന്റെ അടിമത്വം സ്വജീവിത വ്യവസ്ഥയായി സ്വീകരിക്കുവാനോ സാധ്യമല്ല''. (ഇസ്ലാമിക പ്രസ്ഥാനം) ''ആ രാഷ്ട്രങ്ങളിൽ ഹലാലായ റൊട്ടിപോലും ലഭിക്കില്ല''. (ചോദ്യോത്തരം. മൗദൂദി) 'ഇസ്ലാമികേതര രാഷ്ട്രങ്ങളിൽ ജീവിക്കുന്നവർ അവരുടെ ജീവിതം പരമാവധി ആ രാഷ്ട്രത്തിന് സഹായകമല്ലാത്തതാക്കിത്തീർക്കണം' (അപ്പോൾ സോളിഡാരിറ്റി കാട്ടുന്ന രാജ്യരക്ഷാപ്രവർത്തനങ്ങളെല്ലാം നാടകം മാത്രം –ലേ) *(ചോദ്യോത്തരം-മൗദൂദി)* ഇങ്ങനെ തുടങ്ങി പാരാവാരം കണക്കെ പരന്നുകിടക്കുന്നു മൗദൂദിയൻ ചിന്താധാരയിലെ അനിസ്ലാമികമായ രാഷ്ട്രീയ വീക്ഷണങ്ങൾ. ഈ യാഥാർത്ഥ്യം സാധാരണക്കാരായ ജമാഅത്തുകാർ മനസ്സിലാക്കാതിരിക്കുവാനാണ്, സലഫികൾ ഇസ്ലാമിന്റെ തനതായ രാഷ്ട്രീയ വീക്ഷണം അവതരിപ്പിക്കുമ്പോഴൊക്കെ 'മൗദൂദി പറഞ്ഞിടത്തേക്ക് എത്തി' എന്നിടക്കിടെ ആ പഴയ ജൂതമന്ത്രം ജമാഅത്ത് ജിഹ്വ ഉരുവിട്ടുകൊണ്ടിരിക്കുന്നത്.